# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : * 607 — 09-07-2014-ൽ മറുപടിക്ക്

## കെ.എസ്.ഐ.ഡി.സി.യുടെ നേതൃത്വത്തിൽ "യംഗ് എന്റർപ്രണേഴ്സ് സമ്മിറ്റ്"

**ചോദ്യം**

ശ്രീ. വി.ഡി.സതീശൻ
ശ്രീ. കെ.അച്ചുതൻ
ശ്രീ. സണ്ണി ജോസഫ്
ശ്രീ. ജോസഫ് വാഴക്കൻ

**ഉത്തരം**

ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി)

(എ) സംസ്ഥാനത്ത കെ.എസ്.ഐ.ഡി.സി. യുടെ നേതൃത്വത്തിൽ "യംഗ് എന്റർ പ്രണേഴ്സ് സമ്മിറ്റ്" നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(എ) യുവ സംരംഭകരുടെ സംരംഭകത്വ ആശയങ്ങളെ യാഥാർത്ഥ്യമാക്കുന്നതിനുള്ള പ്രോത്സാഹനം നൽകുന്നതിലേക്കായി കെ.എസ്.ഐ.ഡി.സി. യുടെ നേതൃത്വത്തിൽ 2014 സെപ്റ്റംബർ മാസം 12-ാം തീയതി യംങ്ങ് എന്റർപ്രണർഷിപ്പ് സമ്മിറ്റ് നടത്താൻ തീരുമാനിച്ചിരിക്കുന്നു. പുതു യുവ സംരംഭകർക്ക് അവരുടെ ആശയങ്ങൾ വ്യവസായ, വിദ്യാഭ്യാസ മേഖലകളിലെ പ്രമുഖർക്കു മുന്നിൽ അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കുക, കേരളത്തെ യുവസംരംഭകരുടെ അറിയപ്പെടുന്ന കേന്ദ്രമാക്കി മാറ്റുക തുടങ്ങിയ ലക്ഷ്യങ്ങളാണ് ഇതിനുള്ളത്.

(ബി) ഐ.ടി. മേഖല ഉൾപ്പെടെ എല്ലാ മേഖലകളിലും യുവ സംരംഭകർക്ക് അവസരമൊരുക്കാൻ സമ്മിറ്റ് എത്രമാത്രം സഹായകരമാകും എന്നാണ് പ്രതീക്ഷിക്കുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ബി) ലൈഫ് സയൻസ്, ഫുഡ് പ്രോസസ്സിംങ്, കാർഷികം, മറൈൻ തുടങ്ങി വിവിധ ഐ.ടി ഇതര മേഖലകളിലും സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്ന യുവ സംരംഭകർക്ക് വേണ്ട സഹായങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും നൽകുന്നതിന് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇൻകുബേഷൻ സെന്ററുകൾ

ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. വിവിധ വകുപ്പുകളുടെ സഹകരണത്തോടെ അത്യാധുനിക സൗകര്യങ്ങളോടുകൂടിയാണ് ഈ ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തിക്കുക.

വെൻച്ചർ ക്യാപിറ്റൽ അസിസ്റ്റൻസ് സ്കീം എന്ന പേരിൽ പുതു യുവ സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയും കെ.എസ്.ഐ.ഡി.സി ആസൂത്രണം ചെയ്യുന്നുണ്ട്. സംരംഭകന് ഒപ്പം ചേർന്ന് നിക്ഷേപിക്കാവുന്ന തരത്തിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. സംസ്ഥാനത്തിനകത്തു വരുന്ന അനുയോജ്യമായ പുതു സംരംഭങ്ങൾക്ക് 25 ലക്ഷം രൂപവരെ ഈ ഇനത്തിൽ സാമ്പത്തിക സഹായം ലഭിക്കും.

ഇതു കൂടാതെ വിവര സാങ്കേതിക വിദ്യ വകുപ്പ് T-TBI ടെക്നോളജി ഇന്നവേഷൻ സോൺ സ്ഥാപിക്കുന്നതിലൂടെ കേരളത്തിൽ 3000 ടെക്നോളജി സ്റ്റാർട്ടപ്പുകൾ സൃഷ്ടിക്കുന്നതിന് കേരള ഐ.ടി. പോളിസി 2012 വിഭാവനം ചെയ്യുന്നു. വിവര സാങ്കേതിക വിദ്യക്ക് പുറമേ എല്ലാ മേഖലകളിലും സ്വയംസംരഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഇലക്ട്രോണിക്സ്, മൊബൈൽ കമ്മ്യൂണിക്കേഷൻസ്, കൃഷി, കായികം മത്സ്യബന്ധനം, ജനിതക സാങ്കേതിക വിദ്യ തുടങ്ങിയ മേഖലയിലുള്ള വ്യവസായ പ്രമുഖരെ പങ്കെടുപ്പിച്ച് സംരംഭകത്വവും നൂതന ആശയങ്ങളും

| | | | |
|---|---|---|---|
| | | | പ്രോത്സാഹിപ്പിക്കുന്നതിനും നിലവിലുള്ള സംരംഭകർക്ക് ഒരു 'exposure' നൽകുക, ഇവർക്കായി angel investors നെ കണ്ടു പിടിക്കുക എന്നതിനും "യംഗ് എന്റർ പ്രണേഴ്സ് സമ്മിറ്റ്" മുഖേന സാധിക്കുന്ന താണ്. എല്ലാ മേഖലയിലുമുള്ള കൂടുതൽ യുവ സംരംഭകരെ ആകർഷിക്കുന്നതിനും ധനസഹായം നൽകുന്നതിനുള്ള ഇൻ വെസ്റ്റേഴ്സിനെ കണ്ടുപിടിക്കുന്നതിനും സാധിക്കുന്നു. കൂടാതെ യുവസംരംഭകത്വ ത്തിലേക്ക് വന്നിട്ടുള്ളവർക്ക് 'venture capital fund' ന് വേണ്ടി സഹായം നൽകാൻ തയ്യാറുള്ളവരുമായി അവരെ ബന്ധിപ്പിക്കുന്നതിനും സഹായിക്കുന്നു. |
| (സി) | ആരെല്ലാമാണ് ഈ സമ്മിറ്റുമായി സഹകരിക്കുന്നതെന്ന് വിശദമാ ക്കാമോ: | (സി) | ഈ സമ്മിറ്റുമായി സഹകരിക്കുന്നത്, ടെക്നോപാർക്ക് - ടെക്നോളജി ബിസ്സി നസ്സ് ഇൻകുബേറ്റർ, ഇൻഫോ പാർക്ക്, സ്റ്റാർട്ടപ്പ് വില്ലേജ് എന്നിവരാണ് . |
| (ഡി) | സമ്മിറ്റിന്റെ പ്രചരണ പരിപാടിക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്നും വിശ ദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ? | (ഡി) | യെസ് (Young Entrepreneurs Summit) ന്റെ ലോഗോ പ്രകാശനവും പ്രഖ്യാപനവും ഈ കഴിഞ്ഞ ജൂൺ മാസം 17 -ാം തീയതി ബഹു. കേരള മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി ബഹു. വ്യവസായ ഐ.ടി. മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നിർവഹിച്ചു. മറ്റു പ്രചാരണ പരിപാടികൾ ആരംഭി ച്ചിട്ടില്ല. |

[signature]

സെക്ഷൻ ഓഫീസർ